## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3248 | 13.03.2017-ൽ മറുപടിയ്ക്ക് |
|---|---|

**ശുചിത്വമിഷന്റെ നൂതന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.ബാബു | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | ശുചിത്വമിഷന്റെ നൂതന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | 1. പുന:ചക്രമണം, മറ്റ് പ്രകൃതി സൗഹൃദ വ്യവസായങ്ങൾ, സംരംഭങ്ങൾ മുതലായവയ്ക്കുള്ള പ്രോത്സാഹനം.<br>2. ഉത്പാദകന്റെ അധിക ഉത്തരവാദിത്തം (Extended Producer Responsibility) പ്രോത്സാഹിപ്പിക്കുന്നതിനും, അനുബന്ധ പരിപാടികൾക്കും ഇൻസന്റീവ്.<br>3. മാലിന്യസംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്ന സ്വയംസഹായ സംഘങ്ങൾ/ചെറുകിട സംരംഭകർ എന്നിവർക്ക് നൽകുന്ന ധനസഹായം.<br>4. പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുന്നതിനും അതിനു പകരം വെയ്ക്കാവുന്ന നവീന ഉൽപ്പന്നങ്ങൾക്കുള്ള പ്രോത്സാഹനം.<br>5. ദ്രവമാലിന്യ സംസ്കരണം (കക്കൂസ് മാലിന്യം ഉൾപ്പെടെ ഉള്ളത്).<br>6. കക്കൂസ് മാലിന്യത്തിന്റെ സുരക്ഷിത ശേഖരണത്തിനും സംസ്കരണത്തിനായും ഇതു സംബന്ധിച്ച പഠനങ്ങൾ നടത്തുവാനുമുള്ള സഹായം. |
| (ബി) | ഹരിതനിയമാവലി എല്ലാ മേഖലകളിലും നടപ്പിൽ വരുത്തുന്നതിനുള്ള കർമ്മപദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകാമോ; | (ബി) | വസ്തുക്കളുടെ ഉപഭോഗം കുറയ്ക്കുക, പുനരുപയോഗിക്കുക, പുന:ചംക്രമണം നടത്തുക (Reduse – Reuse – Recycle) എന്ന തത്വം പാലിക്കുമ്പോഴാണ് സുരക്ഷിതമായ അജൈവമാലിന്യ പരിപാലനം ഉറപ്പാക്കാൻ കഴിയുന്നത്. ഈ തത്വത്തെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കപ്പെട്ട ഹരിതനിയമാവലി സ്ഥാപനങ്ങൾ, മേളകൾ, പൊതു-സ്വകാര്യ ചടങ്ങുകളിൽ ബാധകമാക്കുന്നതിന് അതാതിടങ്ങളിലെ ആവശ്യപ്രകാരമാണ് കർമ്മപദ്ധതി തയ്യാറാക്കേണ്ടത്. ഡിസ്പോസിബിൾ വസ്തുക്കളുടെ ഉപയോഗം പരമാവധി നിരുത്സാഹപ്പെടുത്തിയും പുനരുപയോഗയോഗ്യമായ വസ്തുക്കളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുകയും പുന:ചംക്രമണ വിധേയമാക്കുവാൻ കഴിയുന്നവ അതിനായി കൈമാറുകയും ചെയ്യുവാൻ വേണ്ട നടപടികൾ കർമ്മപദ്ധതികളിൽ ഉൾക്കൊള്ളിക്കുന്നു. ജൈവമാലിന്യം ഉറവിടത്തിൽ തന്നെ കമ്പോസ്റ്റിംഗ്/ബയോമെതനേഷന് വിധേയമാക്കുകയും വേണം. |
| (സി) | ശുചിത്വം മലയാള നാടിന്റെ സംസ്കാരം എന്ന ലക്ഷ്യത്തിലെത്താൻ എന്തെല്ലാം പ്രവർത്തനങ്ങൾ | (സി) | ഉണ്ട്. ഗ്രീൻ പ്രോട്ടോക്കോൾ, സ്വാപ് ഷോപ്പുകൾ വഴി വിഭവങ്ങളുടെ ഉപയോഗക്ഷമത പരമാവധി പ്രയോജനപ്പെടുത്തി പുന:ചംക്രമണ വിധേയമായ വസ്തുക്കളുടെ പുന:ചംക്രമണം ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ |

| | | | |
|---|---|---|---|
| | ഏറ്റെടുക്കണമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | | നടത്തണം. ജൈവമാലിന്യങ്ങൾ വികേന്ദ്രീകൃതമായി ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിലുള്ള നടപടികളും, ആയതിലേക്കുള്ള ശീലം ഉറപ്പാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ, എല്ലാ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും വൃത്തിയാക്കി തരംതിരിക്കപ്പെട്ട അജൈവ പാഴ്‌വസ്തുക്കൾ കുടുംബശ്രീ, സന്നദ്ധ സംഘടനകൾ, മറ്റ് സ്വയം സഹായ സംഘങ്ങൾ എന്നിവയുടെ സഹായത്തോടെ ശേഖരിക്കുന്നതിലേക്കും തദ്ദേശസ്ഥാപനങ്ങളുടെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങൾ, ശേഖരിക്കപ്പെട്ട അജൈവമാലിന്യം രണ്ടാം തരംതിരിവ് നടത്തി സൂക്ഷിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി കേന്ദ്രങ്ങൾ സ്ഥാപിച്ച് പുനചംക്രമണം ഉറപ്പാക്കുന്ന പ്രവർത്തനം, പുനചംക്രമണ യോഗ്യമല്ലാത്തവയുടെയും, സംസ്കരണ സാധ്യമല്ലാത്തവയുടെയും ഉൽപാദന വിപണനവും നിയന്ത്രിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കണം. അതുപോലെ പൗരൻമാരിൽ അനുകൂല മനോഭാവ രൂപീകരണത്തിനും സുരക്ഷിത മാലിന്യ പരിപാലന ശീലങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള ബോധവത്കരണ വിവര വിജ്ഞാന വ്യാപനപ്രവർത്തനങ്ങളും ഏറ്റെടുക്കണം. |

സെക്ഷൻ ഓഫീസർ